**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 01.09.2023-ലെ സ.ഉ(കൈ) നം. 206/2023/RD പ്രകാരം, സംസ്ഥാനത്ത് ഡേറ്റാ ബാങ്കിലെ തെറ്റ് തിരുത്തുന്നതിനു വേണ്ടിയുള്ള ഫോറം 5 ഉൾപ്പെടെയുള്ള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി, രണ്ട് വർഷത്തേക്ക് താല്ക്കാലിക തസ്തികകൾ സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാന കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചിട്ടുമുണ്ട്.<br><br>കൂടാതെ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണയിച്ചു നൽകിയിട്ടുള്ളതും അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് കൂടി അധികാരം നൽകി അവരെയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി നിയോഗിക്കുന്നതി ന് അധികാരപ്പെടുത്തുന്ന ബിൽ, 15-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ ബഹു.നിയമസഭ പാസ്സാക്കി ബഹു.ഗവർണറുടെ പരിഗണനയ്ക്കായി അയച്ചുവെങ്കിലും ബഹു.ഗവർണർ പ്രസ്തുത ബിൽ ഇതുവരെയും അംഗീകരിച്ചിട്ടില്ല.<br><br>ഫോറം 5 അപേക്ഷയിൽ തീരുമാനമെടുക്കുന്നത് നിലവിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള പ്രാദേശികതലനിരീക്ഷണ സമിതിയുടെ (LLMC) റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലാണ്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ, ഓരോ റവന്യൂ ഡിവിഷന്റെയും പരിധിയിൽ വരുന്ന കൃഷി ഓഫീസുകളിൽ റിപ്പോർട്ടിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം അനുസരിച്ച് എല്ലാ മാസവും കുറഞ്ഞത് ഒന്നോ അതിലധികമോ LLMC മീറ്റിംഗുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>ഫോറം - 5 പ്രകാരമുള്ള അപേക്ഷകളുടെ കാര്യത്തിൽ റവന്യൂ വകുപ്പ് മന്ത്രി ചെയർമാനായ സബ്ജക്റ്റ് കമ്മിറ്റി - II പ്രത്യേക യോഗം ചേർന്ന് റവന്യൂ - കൃഷി - തദ്ദേശ വകുപ്പ് തല ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തു കൊണ്ട് ഫോറം 5 - ലെ പരിശോധന വേഗതയിലാക്കാനും, എല്ലാ മാസവും LLMC യോഗം ചേരാനും, അവശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഡാറ്റാ ബാങ്ക് ഫെബ്രുവരിയിൽ പൂർത്തിയാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഫോറം 5 - ലുള്ള അപേക്ഷയ്ക്കു അനുബന്ധമായി, 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ, ആയതു 'കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് തിരുത്തി വായിക്കേണ്ടതാണെന്നും പ്രാദേശികതല നിരീക്ഷണ സമതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്നും 30.04.2020-ലെ REV-P1/55/2020-REV സർക്കുലറിന്റെ ക്രമ നമ്പർ 3 - ലെ വ്യവസ്ഥയിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ് . ഇപ്രകാരം ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ച് വരുകയാണ്.<br><br>കൂടാതെ, അപേക്ഷയ്ക്കാധാരമായ ഒരു പ്രദേശത്ത് ഉൾപ്പെട്ടുവരുന്ന വസ്തുക്കൾ ഒരു cluster ആയി പരിശോധന നടത്തി കാലതാമസം ഒഴിവാക്കുന്നതിന്, 28.11.2023-ലെ REV-P1/374/2023-REV സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ഉദ്യോഗസ്ഥരുടെ സമയവും കാര്യക്ഷമതയും ഫലപ്രദമായി വിനിയോഗിച്ച് അപേക്ഷകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. REV-P1/55/2020-REV
റവന്യൂ(പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/04/2020

## സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും - വകുപ്പ് 27എ, ചട്ടം (4ഡി) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതു സംബന്ധിച്ച്

സൂചന:- 28.02.2020-ന് ബഹു. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫറൻസ്.

1. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 പ്രകാരമുള്ള പ്രാദേശികതല നിരീക്ഷണ സമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലാത്തിടത്ത്, ജില്ലാ കളക്ടർമാർ, ആയത് എത്രയും വേഗം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം ( 4 ഡി) പ്രകാരമുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി, ചട്ടം 4 ഉപചട്ടം (4 എഫ്) പ്രകാരം, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് റവന്യൂ ഡിവിഷണൽ ആഫീസർമാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത അപേക്ഷകൾ സംബന്ധിച്ച തുടർനടപടികൾക്കായി ഡാറ്റാബാങ്കിന്റെ വിജ്ഞാപനം/തിരുത്തൽ വിജ്ഞാപനം കാത്തിരിക്കേണ്ടതില്ല.

3. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള 'ഫാറം 5-ന്റെ തുടർച്ചയായി നൽകിയിട്ടുള്ള പ്രഫോർമ്മയിൽ 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് ശീർഷകത്തിൽ നല്കിയിരിക്കുന്നത്, 'കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് തിരുത്തി വായിക്കേണ്ടതാണ്. അതായത്, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

4. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുമ്പോൾ, സബ്ഡിവിഷൻ ആവശ്യമുള്ള സംഗതികളിൽ, റീസർവ്വേ പൂർത്തീകരിക്കാത്തിടത്ത്/ റീസർവ്വേ രേഖകൾ ലഭ്യമല്ലാത്തതു

മൂലം സബ്ഡിവിഷൻ റെക്കാർഡുകൾ പൂർത്തീകരിക്കുവാൻ സാധ്യമല്ലാത്തിടത്ത്, അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഭൂമിയുടെ സ്കെച്ചിൽ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന വിസ്തീർണ്ണത്തിന്റെയും ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടുന്ന പ്രദേശത്തിന്റെയും, latitude-ഉം longitude-ഉം അടയാളപ്പെടുത്തി നൽകുവാൻ അപേക്ഷകനോട് ആവശ്യപ്പെടാവുന്നതും ഇതിന്റെ കൃത്യത ബന്ധപ്പെട്ട സർവ്വേയർ/ ഹെഡ് സർവ്വേയർ ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സ്വഭാവ വ്യതിയാനം ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമത്തിൽ ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും, ടി ആവശ്യത്തിലേക്കായി വേണ്ടുന്ന G P S സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായും സംശയ ദുരീകരണത്തിനായും ജില്ലാ ആസ്ഥാനങ്ങളിലുള്ള ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേയുടെ സഹായം ആവശ്യപ്പെടാവുന്നതുമാണ്.

5. ഡാറ്റാബാങ്ക്/കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്ടിന്റെ 'പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും', കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും റിപ്പോർട്ട് പ്രകാരമോ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരമോ നെൽവയൽ അല്ലാത്തതുമായ ഭൂമിയെ, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'-യായി കണക്കാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

6. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്കനുബന്ധമായുള്ള, ഫാറം 6, ഫാറം 7-ലും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷ കളിൻമേൽ തീരുമാനമെടുക്കുന്നതിനായി, **ആവശ്യമെങ്കിൽമാത്രം**, കൃഷി ആഫീസറോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടാൽ മതിയാകുന്നതാണ്.

7. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായും, ചട്ടം 4 ഉപചട്ടം '4ഡി' പ്രകാരമുള്ള ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായും ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്. ഇപ്രകാരമുള്ള 1500-ലധികം അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്ന കൊല്ലം, മൂവാറ്റുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ, തിരൂർ എന്നീ റവന്യൂ ഡിവിഷണൽ ആഫീസുകളിൽ, ടി ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി, അധികമായി ഓരോ ക്ലാർക്കുമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിനായി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. 27(എ)വകുപ്പ് പ്രകാരമുള്ളതും, ചട്ടം 4 ഉപചട്ടം (4ഡി) പ്രകാരമുള്ളതുമായ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന്, ജില്ലാ കളക്ടർമാർ അവലോകന യോഗം കൂടി വിലയിരുത്തേണ്ടതും, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഹാജരാക്കേണ്ടതുമാണ്.

9. ഡാറ്റ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനായി മുൻപ് സമർപ്പിച്ചതും ഇപ്പോഴും തീർപ്പ കൽപ്പിക്കാൻ ബാക്കി നിൽക്കുന്നതുമായ അപേക്ഷകൾ അടുത്ത 45 ദിവസങ്ങൾക്കുള്ളിൽ തന്നെ തീർപ്പ കല്പിക്കേണ്ടതാണ്.

10. സർക്കാർ പുറപ്പെടുവിച്ച നമ്പർ.റവ-പി1/248/2019/റവ തീയതി 17-02-2020 പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ ഇപ്പോഴും നെൽവയൽ ആയികിടക്കുന്നതും ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതും ആയ ഭൂമിയെ സംബന്ധിച്ചുള്ളതാണ്. 2008-നു മുൻപ് നികന്നു കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപെടുത്തിയിരിക്കുന്നതും ആയ ഭൂമി (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് പ്രസ്തുത സർക്കുലർ ഒരു തരത്തിലും ബാധകമാകുന്നതല്ല. എന്നാൽ അപ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് തരം മാറ്റി നൽകുന്നതിന് പ്രസ്തുത സർക്കുലറിന്റെ പേര് പറഞ്ഞ് തടസ്സവാദം ഉന്നയിക്കുന്നതായി പരാതികൾ ഉണ്ടായിട്ടുള്ളതാണ്. ആയതിനാൽ അപ്രകാരം തടസ്സവാദങ്ങൾ ഉന്നയിക്കുന്നത് കൃത്യവിലോപമായി കണക്കാക്കി കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബെന്സി.ജെ
അഡിഷണൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ

2) ജില്ലാ കളക്ടർമാർ

5) റവന്യൂ ഡിവിഷണൽ ഓഫീസർമാർ

6) തദ്ദേശസ്വയംഭരണ വകുപ്പ്

8) കൃഷി വകുപ്പ്

9) നിയമ വകുപ്പ്

10) വിവരവും, പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)

11) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. ബഹു. റവന്യൂ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3. ബഹു. കൃഷി വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

**GOVERNMENT OF KERALA**

No:REV-P1/374/2023-REV
Revenue (P) Department
Thiruvananthapuram,
Dated:28-11-2023

**CIRCULAR**

Sub: The Kerala Conservation of Paddy Land and Wetland Act - Priority for processing land conversion applications for lands in clusters - reg .

Ref: Minutes of the meeting held by the Principal Secretary on 211.2023 to review the status of the disposal of applications under the Kerala Conservation of Paddy Land and Wetland Act, 2008 - reg

In order to increase the efficiency of disposal applications pertaining to land conversion under the Kerala Conservation of Paddy Land and Wetland Act and also to optimize the time and efforts of the officers, it is hereby directed that priority shall be given to processing applications for land parcels in clusters.

All concerned authorities, including village officers and agriculture officers, should strictly follow the aforesaid direction while processing the applications pertaining to land conversion under the Kerala Conservation of Paddy Land and Wetland Act.

ABDUL NASAR B I A S
ADDITIONAL SECRETARY

Forwarded / By order,

Signed by
Kadeeja A A
Date: 02-12-2023 11:08:38

Section Officer.

To:

Land Revenue Commissioner, Thiruvananthapuram (for information and giving necessary direction to all the concerned authorities)

All District Collectors (14 Districts)

All Revenue Divisional Officers (27 Revenue Divisional Offices)

Agriculture (NCA) Department

Information & Public Relations Department (Web & New media)

Stock File/ Office Copy

Copy to:

1)PS to the Hon'ble Minister for Revenue

2)CA to the Principal Secretary, Revenue

3)PA to the Additional Secretary, Revenue (P) Department

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/RD തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെട്ടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ച കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, **2008**-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. **കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക്** മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം...........................പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്